# ബിദായ



## ജി വി എച്ച് എസ് എസ് കുണിയ

## എഡിറ്റർ

അരുൺ കെ

## എഡിറ്റോറിയൽ ബോർഡ്

ഫാത്തിമത്ത് ഹസ്ന

മറിയം തസ്‌റീഫ

ഫാത്തിമത്ത് മുർഷിദ

മുഹമ്മദ് ഇർഫാൻ



**ഉള്ളടക്കം**

ചിറകൊടിഞ്ഞ പക്ഷി....4
ഒളിച്ചോട്ടം....7
അന്യമായി പോയവഴി....9
അത്യാഗ്രഹം ആപത്ത്....11
നല്ലവനയ സുൽത്താൻ....13
....14
മരണം വരെ മാത്രം....15
നീരുറവ....16



# ചിറകൊടിഞ്ഞ പക്ഷി

**ആറുവർഷങ്ങൾ കഴിഞ്ഞു റാബിയയുടെ കല്ല്യാണം കഴിഞ്ഞ്.ഇതുവരെ ഒരു കുഞ്ഞിക്കാല് കാണാനുള്ള ഭാഗ്യമുണ്ടായില്ല.റാബിയയും ഭർത്താവിനും ഇടയിൽ കല്ല്യാണം കഴിഞ്ഞ് രണ്ടുവർഷങ്ങൾ.സ്നേഹത്തിന്റെ പൂന്തോട്ടത്തിലെ ഇണക്കുരുവികളായിരുന്നു രണ്ടുപേരും.കുട്ടി ജനിക്കില്ലെന്ന് വിധിയെഴുതിയതോടുകൂടി റാബിയയെ സമദ് പതിയെ വെറുത്ത് തുടങ്ങി.നാൾക്കുനാൾ വെറുപ്പ് വർദ്ധിച്ചു. സമദ് ശാരീരികമായും മാനസികമായും റാബിയയെ പീഡിപ്പിച്ചു തുടങ്ങി.അങ്ങനെയിരിക്കെ ഒരുനാൾ സമദിന് കാറപകടം സംഭവിച്ചു.കൈകാലുകൾ ഒടിഞ്ഞ അവസ്ഥയിൽ സമദിനെ അവൾ പരിപാലിച്ചു.സമദ് അവൾക്ക് മുന്നിൽ നിഷ്കളങ്കമായ സ്നേഹം നടിച്ചു.**

**രണ്ടുമാസങ്ങൾക്ക് ശേഷം സമദ് പൂർവ്വസ്ഥിതി പ്രാപിച്ച അവസ്ഥയിൽ റാബിയയെ അരികിൽ വിളിച്ചു.**

**"എന്താണിക്ക"**

**അവൾ പതിഞ്ഞ സ്വരത്തിൽ ചോദിച്ചു.**

**അവൻ ഗൗഢ്യ ഭാവത്തോടെ അവളെ നോക്കി പറഞ്ഞു "നിന്റെ എനിക്കിനി ഇല്ല"**

**അവളുടെ മുഖം ദു:ഖിതമായി.''അപ്പോൾ ഇക്ക ഇന്നലെവരെ പറഞ്ഞതോ?''**

**''ഇന്നലെ വരെ നിന്റെ ആവശ്യമുണ്ടായിരുന്നു.''അയാളുടെ മുഖത്ത് യാതൊരു ഭാവമാറ്റവുമുണ്ടായിരുന്നില്ല.**

**അവൾ വിലാപത്തിന്റെ കണ്ണുകളാൽ സമദിനെ നോക്കി.**

**"നാണമില്ലേ മനുഷ്യാ നിങ്ങൾക്ക്....**

**സ്നേഹത്തെ ഇത്രയും വിലകുറച്ചു കാണാൻ നിങ്ങൾക്കെങ്ങനെ കഴിഞ്ഞു"**

**സമദ് രോഷാകുലനായി അവളുടെ നേർക്ക് തിരിഞ്ഞു**

**ടീ.....നാണമില്ലേ നിനക്ക് നിന്ന് ചിലക്കാൻ,ഇത് വരെ ഒന്നു പ്രസവിക്കാൻ നിനക്കായോ?**

**വിഷാദ സ്വരത്തോടെ അവൾ മൊഴിഞ്ഞു അതെന്റെ കുഴപ്പമല്ലല്ലോ ദൈവം തീരുമാനിക്കണം.**

**"എന്നാലിവിടെ ഇന്ന് എന്റെ തീരുമാനം,നിനക്കിനി നിന്റെ വീട്ടിൽ സ്ഥിരതാമസമാക്കാം"**

**വളരെ നിഷ്കളങ്കതയോടെ റാബിയ അയാളെ നോക്കിപ്പറഞ്ഞു**

അരുത് എന്റെയുപ്പയും ക്കൂടെ മരിച്ചു.എനിക്ക് നിങ്ങൾ മാത്രമേ ഉള്ളൂ. അവൽ അവന്റെ കാൽക്കൽ വീണ കേണപേക്ഷിച്ചു.ദയവ് ചെയ്ത് എന്നോട് പോവാൻ പറയല്ലേ.....

നിഷ്പ്പയാസം അവൻ ക്രൂരമായ കാലുകൾ കൊണ്ട് അവളുടെ കൈകൽ തട്ടിമാറ്റി .പ്രസവിക്കാത്ത മരുമകളെ അമ്മായിമ്മയ്ക്കും നാത്തൂനും വെറുക്കപ്പെട്ടവൾ തന്നെ.അവൽക്ക്

മുന്നിൽ വീടിന്റെ വാതിൽ കൊട്ടിയടച്ചു.

അവൾ ചത്വരത്തിലൂടെ നടന്നു .ഇളം വെയിലിന്റെ സൂര്യ രശ്മികൾ അവളുടെ മുഖത്ത് പതിച്ചു. ദു:ഖത്തിന്റെ ഭാരം പേറി അവൾ നടന്നു.ജീവിതം വെറും അർത്ഥശൂന്യമായവൾക്ക് തോന്നി.അവൾ സ്വയം പഴിച്ചു കൊണ്ട് നടന്നു.വാങ്ങാൻ ആളുണ്ടായിരുന്നെങ്കിൽ ,ഉണ്ടായിരുന്ന എന്റെ സ്വപ്നങ്ങൾ.അവൾ മനസ്സിനോട് എന്തൊക്കെയോ പറഞ്ഞ് ഭ്രാന്തമാക്കി,ദുഖമകറ്റാൻ.വഴിയരികിൽ കണ്ട മനുഷ്യക്കോലത്തെക്കണ്ടവൾ നിശ്ചലമായി.

സൽമാനാണ് അത്....റാബിയയെ അഗാതമായാ പ്രണയിച്ച യുവാവ്.സ്നേഹത്തിന്റെ സുരഭ്യം കൊണ്ട് റാബിയയെ വീർപ്പുമുട്ടിച്ചവൻ.വർഷങ്ങൾക്ക് മുമ്പ് ഉപ്പയുടെ തീരുമാനം ആയിരുന്നു അത്.സൽമാനെ ഉപ്പയ്ക്ക് ജീവനായിരുന്നു.ഉപ്പയുടെ അന്ത്യസമയത്ത് പോലും ഒരു മകനേക്കാളപ്പുറം തുണയായിരുന്നു.റാബിയക്ക് സ്വന്തമായി ഒരുപാട് ബന്ധുക്കൾ ഉണ്ടാവണമെന്ന് ആശിച്ചാണ് അത് ചെയ്തത്.അന്ന് സൽമാനോട് റാബിയയുടെ പിതാവ് പറഞ്ഞു

"എനിക്കറിയാം എന്റെ മകളെ നീ ജീവനുതുല്യം സ്നേഹിക്കുന്നുവെന്ന്.പക്ഷേ! ഞാനാഗ്രഹിക്കുന്നത് നിറയെ കുടുംബാഗങ്ങളുള്ള ഒരു വീട്ടിൽ അവളെ പറഞ്ഞയക്കാനാണ്.എന്റെ മോൻ അതിന് തടസ്സമാകരുത്.അപേക്ഷയാണ് ഒരു പിതാവിന്റെ.”

ഒരു വാക്കിന് മുന്നിൽ തകർന്നത് നാളുകളായി സൽമാൻ താലോലിച്ച സ്വപ്നങ്ങളാണ്. കല്യാണത്തിശേഷം രണ്ടുപേരും കണ്ടുമുട്ടിയുട്ടെങ്കിലും ഒരു നോട്ടത്തിനോ വാക്കിനോ ഇടം കൊടുത്തില്ല.ഇന്നെന്താണ് റാബിയ നിശ്ചലമായത്.

സൽമാൻ അവളുടെ വിളർത്ത മുഖത്തേക്ക് കണ്ണുകളോടിച്ചു.വിഷാദം നിറഞ്ഞ ഒരു പുഞ്ചിരി അവന് കൈമാറി.

“എന്തു പറ്റി റാബിയാ നിന്റെ കണ്ണുകളിൽ വിഷാദമാണല്ലോ?”

“ ഞാൻ ഇനി സ്വന്തം വീട്ടിൽ സ്ഥിരതാമസമാക്കാൻ പോവുകയാണ്"

“അതെന്തേ?” കണ്ണീരുപറ്റിപിടിച്ച അവളുടെ മുഖത്ത് നോക്കി ചോദിച്ചു.”

ഒരു കുഞ്ഞിന് ജന്മം നൽകാൻ കഴിയാത്ത സ്ത്രീയെ ആരായാലും പുച്ഛിക്കില്ലേ? ഇപ്പോൾ ഞാനും,ചിറകൊടിഞ്ഞ പക്ഷിയാണ്.

ഞാൻ വളരെ ഖേദിക്കുന്നു റാബിയ..പോരുന്നോ എന്റെ കൂടെ സ്ഥിരതാമസമാക്കാനയി.കരുണയുടേയും പ്രണയത്തിന്റേയും ഗർത്തങ്ങൾ അവൾക്കായി സൽമാൻ തുറന്നിട്ടു.

ഹിമം പെയ്തിറങ്ങുന്ന പൂക്കലിൽ സൗരഭ്യത്തോടെ അവനെ നോക്കി .” ഇല്ല സൽമാൻ.... സന്തോഷവും സുഖവും നിറഞ്ഞ ഒരു ജീവിതത്തിനി ഞാനർഹയല്ല.ചിറകൊടിഞ്ഞ ഒരു പക്ഷിക്ക് വിശിലമായ ഒരാകാശത്ത് പറന്നുല്ലസിക്കാനും

ഇരതേടാനും ഒക്കുമോ?

നഷ്ടപ്പെട്ട നിന്റെ ചിറകുകൾക്ക് പകരം നിറങ്ങളാൽ ചാലിച്ച ഉുവലുകൾ വച്ചുതരാം ഞാൻ.എന്റെ പ്രാണനായികയെ എനിക്ക് വേണം.

പ്രണയത്തിന്റെ ഉയർന്നുവന്ന കുമിളകളാൽ അവളുടെ ഹൃദത്തെ ക്ഷണിച്ചു.

പ്രാണനായകാ.....ഈയൊരവസരത്തിൽ സന്തോഷത്തെക്കുറിച്ച് എന്നോടു പറയാതിരിക്കു.സമാധാനക്കിന്റെ വെള്ളരിപ്രാവുകൾ ചത്തു വീണു,അതിന്റും ഓർമ്മകൾ എന്നെ വല്ലാതെ വേദനിപ്പിക്കുന്നു.

പച്ചപ്പുരവതാനി വിരിച്ച പുൽമേട്ടുകൾ നോക്കി സൽമാൻ പറഞ്ഞു"തിരിച്ചു കിട്ടാത്ത പലതുമുണ്ടോർമ്മിക്കാൻ , നിന്റെ സഹായം പൂർണ്ണ സ്വാതന്ത്ര്യത്തോട് കൂടി എന്നെയെപ്പോഴും വേദനിപ്പിച്ചു കൊണ്ടിരിക്കുന്നു. ഇനിയും ഞാൻ ക്ഷണിക്കുന്നില്ല,എന്നെങ്കിലും ഒന്നിക്കണമെന്ന് തോന്നിയാൽ ഒന്ന് വിളിക്കണേ..."

അവൾ ഒന്നു തിരിഞ്ഞു നോക്കാതെ ഹൃദയത്തിൽ വീണ കനൽക്കൊള്ളിയുടെ വേദനയാലെ നടന്നു.

പിതാവുറങ്ങുന്ന കൊച്ചു കൂരയിൽ റാബിയ എത്തി.ഏകാന്തതയിൽ തന്നെ എത്തി നോക്കുന്ന വീട്.ആരാണ് എന്റെ അഥിതിയെന്ന്,

അവളുറക്കെപ്പറഞ്ഞു ഞാൻ അഥിതിയല്ല, ഇനിയെന്നും നിന്റേതാണ്.

പിതാവാന്റെ ഓർമ്മകൾ അവളെ അതീവ ദു:ഖിതയാക്കി.അവൾ ഉന്മാദാവസ്ഥയിൽ പുലമ്പി...ആർക്കുംവേണ്ടാത്ത ഈ പുരാവസ്തു എന്തിന്,പ്രസവിക്കാത്തവൾ ഈ ഭൂമിക്കുതന്നെയിനി ആവശ്യമില്ല, പടച്ചവനേ മാപ്പ്...വിഷക്കുപ്പിയെടുത്തവൾ കുടിച്ചു.

പള്ളിക്കാട്ടിൽ പുതിയൊരു ഖബർ ഒരുക്കുന്നു.ഒരിറ്റു കണ്ണീർവാർക്കാൻ ആരുമാല്ല.സൽമാൻ ഒരു മൈലാഞ്ചിച്ചെടി ഖബർ വെട്ടുകാരന്റും കൂടെ വെച്ചു പിടിപ്പിച്ചു.

ദു:ഖത്തിന്റെ മ്ലാനത നിറഞ്ഞ മുഖത്ത് ഖബർവെട്ടുകാരൻ നോക്കി പറഞ്ഞു

“ നിങ്ങളിവളുടെ ആരാണ് “

ഒരു വിങ്ങലോടെ അയാൾ മൊഴിഞ്ഞു "ഒരാൾപോലും ഇവൾക്ക് വേണ്ടി കരയാനില്ലാതിരിക്കുമ്പോൾ എന്റെ ഓരോ രോമകൂപങ്ങ പോലും ഇവൾക്കായി കരയുന്നു.നിങ്ങൾ ഈ മണ്ണിൽ അടക്കം ചെയ്തത് റാബിയയെ മാത്രമല്ല,എന്നെത്തന്നെയാ"

**അത്രയും പറഞ്ഞയാൾ നടന്നു.അയാളുടെ മുന്നിലേക്ക് ചിറകൊടിഞ്ഞ ഒരു പക്ഷി വീണു.പാതിയറ്റ ശരീരം,അതെ ചിറകൊടിഞ്ഞ പക്ഷിക്ക് വിശാലമായ ആകാശത്ത് പറക്കാനാവില്ല.**

# ഒളിച്ചോട്ടം

നിശാശലഭമേ........
ഒരു തിരി നാളമായി
വരു പൊന്നുണ്ണിയെ പുൽകാൻ....
വസന്തങ്ങളെന്തേ എൻ
സന്താപത്തിൽ പുഞ്ചിരിച്ചു....
അമ്മയില്ലാ ഈ സദനമിൽ
അച്ഛനെന്നും മൃഗമായി
ഇരിപ്പ ഈ ചാരുകസേരയിൽ
അച്ഛനെന്നും  സ്നേഹം
കൊണ്ട് പൊതിഞ്ഞ നാളിൽ
അമ്മ പോയെങ്ങോട്ടോ
ഓണപ്പൂക്കളമെഴുതിയ നാൾ....
സ്നേഹം വാരിപ്പകർത്തു
നൽകിയതിൽ ശിക്ഷയായ്
അമ്മയുടെയീ ഒളിച്ചോട്ടം....
ആളുകളൊക്കെ നിറഞ്ഞീടുന്നു
അവരുടെ വീട്ടിൽ......
പഴികളും ക്രോധവും കൊണ്ട്
ജനം വാക്കുകൾ തീർക്കുമ്പോൾ
ചഞ്ചുകൾ ജീർണിച്ച അച്ഛന്റെ
മാറിൽ കിടന്നവൾ തേങ്ങുന്നു......
അമ്മയെവിടെ എന്നമ്മയെവിടെ.....
വേണ്ട നിന്നമ്മക്ക്  പൊന്നുണ്ണിയെ
കണ്ണീരിനാൽ അച്ഛൻ മൊഴിയുന്നു
അറിയുന്നില്ലയീ ഉണ്ണിക്ക്
മർത്യർ പറയും വാക്കിനർത്ഥം.
എവിടെത്തിരിഞ്ഞാലും അച്ഛ
നിന്നുറക്കെ കരയുന്നതിൽ
പൊരുളറിയാതെയുണ്ണീ.......
വാരിപ്പുണരുന്നു അച്ഛനെ.....
ബന്ധുമിത്രാതികളെല്ലാം....
വീട്ടിൽ നിന്നിറങ്ങിയ നേരം....
നിശയുടെ യുഗമാം പക്ഷിയുടെ
തേങ്ങൽമാത്രം കേട്ടുവുണ്ണീ
നിശയുടെ ഇടവേളയിലെപ്പോഴാ
ഞെട്ടിയുണർന്നു പൊന്നുണ്ണി
അമ്മതൻ മുഖം കണ്ടില്ലവൻ

**അമ്മതൻ സ്വരം കേട്ടില്ലവൻ**
**കണ്ണുകളടച്ചവൻ അച്ഛനെ**

**നുള്ളി നോവിച്ചു.**
**ഉണ്ണിയെ ചേർത്തച്ഛനപ്പഴും തേങ്ങി**
**അമ്മയില്ലാ വേദനയിൽ**
**അവൻ കരയുവാൻ അറിയാതെ**
**കൈകളാൽ സ്നേഹിതരെയെന്നും**
**നുള്ളി പൊന്നുണ്ണി നോവിച്ചു.**

**ഷഹമ**
**വി എച്ച് എസ് ഇ**



# അന്യമായി പോയവഴി

അറിഞ്ഞിരുന്നില്ല....ഞാൻ

കലാലയ ജീവിതത്തിലെ മന്ദസ്മിത പുണ്യം

ഉത്തരം കിട്ടാത്ത ഒരുപാട്

ചോദ്യങ്ങൾക്ക മുന്നിലൂടെ

ആദ്യപടി കടന്നു വെച്ചപ്പോൾ

പരിചയമില്ലാത്ത ഒരുപാട് മുഖങ്ങൾ

ക്ലാസ്സ്മുറികൾ...അദ്ധ്യാപകർ

പരിചയമേറെ ഇല്ലെങ്കിലും

ഇനി ഇവരാണെന്റെ സുഹൃത്തുക്കൾ

കയറിയിറങ്ങിയ പടിവാതിലുകൾ

അന്യമല്ലെന്ന് തോന്നിതുടങ്ങിയ നാളുകൾ.......

അവധി ദിവസങ്ങളിൽ കലാലയ

ഭംഗി ആസ്വദിച്ച നടന്ന കാലം

ഒരുപാട് ബന്ധങ്ങൾക്കും

ബന്ധനങ്ങൾക്കും ഇടയായ എൻ

കലാലയ ജീവിതം......

നിശ്ശബ്ദത മൂടിയ ഒഴിവ്

ദിവങ്ങളിൽ

ആരും വരാനില്ലാത്ത എൻ

കലാലയത്തിൻ നടുവിൽ

ആർക്കോ വേണ്ടി കാത്തിരിക്കുന്നു ഞാൻ

ലുബിന 10A




SAVE THE EARTH - BY FREEDOMDESTINY
Saving the earth starts from me!!!
LAND POLLUTION ):
WATER POLLUTION


Save Earth

# അത്യാഗ്രഹം ആപത്ത്

ഒരു കാടിന്റെ നടുവിലായിരുന്നു സുബ്രമണ്യം എന്നു പേരുള്ള ഒരാൾ വീടു കെട്ടി താമസിച്ചിരുന്നത്.പ്രകൃതിയോട് ചേർന്നായിരുന്നു അയാളുടെ ജീവിതം.അദ്ദേഹത്തിന്റെ വീടിനുചുറ്റും മരങ്ങൾക്കു മീതംയായി കുറെ കുരങ്ങുകളും പക്ഷികളുമെല്ലാം താമസിച്ചിരുന്നു. ആമരത്തിൽ ഇഴഞ്ഞിഴഞ്ഞ് പാമ്പുകളെല്ലാം പോവുന്നത് കാണുന്നത് സ്ഥിരമായിരുന്നു.അത് കൊണ്ട് അദ്ദേഹത്തിന് മൃഗങ്ങളെയൊന്നും പേടിയുണ്ടായിരുന്നില്ല.അയാൾക്ക് കുളിക്കാൻ ഒരിടം ഉണ്ടായിരുന്നില്ല.അവിടെയുള്ള കുളത്തിലായിരുന്നു കുളിച്ചിരുന്നത്. അയാൾ ആ കാട്ടിൽ ചെടികൾ തേടി ഇറങ്ങൽ പതിവായിരുന്നു. അയാൾ അധികവും ഇഷ്ടപ്പെട്ടിരുന്നത് പൂക്കളുടെ ചെടികളായിരുന്നു. അങ്ങനെ പൂക്കളുടെ ചെടികളും മറ്റും പറിച്ചു കൊണ്ടുവന്ന് വീടിനു ചുറ്റും നടുകയും ദിവസേന നനയ്ക്കുകയും ചെയ്തിരുന്നു.അങ്ങനെ അദ്ദേഹത്തിന്റെ മുറ്റം ഒരു പൂന്തോട്ടമായിത്തീർന്നു . എന്തെല്ലാം പൂക്കൾ! ആ കാടിന്റെ കുറച്ച് ദൂരത്തായി ഒരുഗ്രാമമുണ്ടായിരുന്നു. പൂന്തോട്ടത്തിൽ നിന്നും മനോഹരമായ പൂക്കൾ പറിച്ച് ഗ്രാമത്തിൽ കൊണ്ടു പോയി വിൽക്കുകയായിരുന്നു അദ്ദേഹത്തിന്റെ ജീവിതമാർഗ്ഗം.

ആദ്യമൊക്കെ കാട്ടിലെ പച്ചക്കറികളും പഴങ്ങളുമായിന്നു കഴിച്ചിരുന്നത്.ഈ കച്ചവടം ആയതോടെ അയാൾക്ക് കുറച്ച് കാശൊക്കെ കിട്ടാൻ തുടങ്ങി. അയാൾ ആവശ്യത്തിനും അനാവശ്യത്തിനും കടയിൽനിന്നും സാധനം വാങ്ങാൻ തുടങ്ങി. ഭക്ഷണമൊക്കെ കടയിൽനിന്നുമായി.ആയാളുടെ മെലിഞ്ഞശരീരം തടിച്ചുവീർത്തു.ഒരു ദിവസം പൂക്കൾശേഖരിച്ചു കൊണ്ടിരിക്കേ പെട്ടെന്ന് മൃഗങ്ങളെല്ലാം അവനെ കളിയാക്കുകയാണ് ചെയ്തത്.അവൻ അത് കാര്യമാക്കാതെ അവന്റെ ജോലി തുടർന്നുകൊണ്ടിരുന്നു.അങ്ങനെ എല്ലാം ദിവസവും അവനെ പരിഹസിക്കാൻ തുടങ്ങി. അവരുടെ ശല്യം സഹിക്കാനാവാതെ അയാൾ ഒരു വൈദ്യനെ കാണാൻ പോയി.വൈദ്യർ കുറച്ചു കാട്ടു മരുന്നുകൾ കുറിച്ചു കൊടുക്കുകയും വ്യായാമം ചെയ്യാൻ പറയുകയും ചെയ്തു.

അയാൾക്ക് വ്യായാമം ചെയ്യാൻ കുറച്ചു പ്രയാസമാണെങ്കിലും അവരോടുള്ള വാശിയിൽ കഴിയും വിധം വ്യായാമം ചെയ്യാൻ തുടങ്ങി.കുറേ ദിവസം വ്യായാമം ചെയ്തും മരുന്നുകഴിച്ചും പൂക്കൾ ശേഖരിക്കലും കച്ചവടം ചെയ്യലുനിയി പതിവ്.അങ്ങനെയിരിക്കെ ഒരു ദിവസം ഉറങ്ങി എഴുന്നേറ്റ് പല്ലു തുടച്ച് അവിടേയുള്ള കണ്ണാടിയിലേക്ക് ഒന്നു കണ്ണോടിച്ചു,അപ്പോൾ വിശ്വസിക്കാൻ പറ്റുന്നില്ല എന്തൊരു മെലിഞ്ഞ ശരീരം!അയാൾ ഉത്സാഹത്തോടെ ഗമയിൽ പുറത്തിറങ്ങി. പുറത്തുണ്ടായിരുന്ന മൃഗങ്ങൾക്കെല്ലാം അൽഭുതമായി,അവർ അയാളോട് ക്ഷമ ചോദിച്ചു.അയാൾ പറഞ്ഞു നിങ്ങളുടെ ഭാഗത്തുനിന്നു ഒരു തെറ്റും ഞാൻ കാണുന്നില്ല,പണം കിട്ടിയപ്പോൾ അമിതമായി ഭക്ഷിച്ചത് കാരണമാണ് അങ്ങനെയൊരു രൂപത്തിലായത്.അതു മാത്രമല്ല പണ്ടു കാട്ടിൽ നിന്നു കിട്ടുന്നത് ഞാൻ നിങ്ങൾക്ക് പങ്കുവയ്ക്കുമായിരുന്നു,എന്നാൽ ഞാൻ വാങ്ങിയതൊന്നും നിങ്ങൾക്ക് തന്നിട്ടുമില്ല.നിങ്ങൾ എന്നെ കളിയാക്കിയില്ലായിരുന്നുവെങ്കിൽ ഞാൻ വീർപ്പുമുട്ടി ചത്തേനേ.ഇനി ഞാൻ അഹങ്കരിക്കുകയും ചെയ്യില്ല എന്ന ദൃഢനിശ്ചയത്തിലാണ് വന്നിരിക്കുന്നത്. അതോടെ

**ആവശ്യമുള്ള സാധനങ്ങൾ മാത്രം വാങ്ങുകയും നല്ല ഭക്ഷണങ്ങൾ മാത്ര കഴിക്കുകയും ചെയ്യൂ.**

**ആയിഷത്ത് ശൈഹ 7th B**



# നല്ലവനയ സുൽത്താൻ

ഒരു അറേബ്യൻ രാജ്യത്ത് സുൽത്താൻ എന്ന പാവം മനുഷ്യനുണ്ടായിരുന്നു.അയാൾ എന്നും കാട്ടിൽ പോയി വിറക് ശേഖരിച്ച് ചന്തയിൽ പോയി വിറ്റാണ് ഉപജീവനമാർഗ്ഗം കണ്ടെത്തിയത്.കാട്ടിൽ ഒരു ആൽമരമുണ്ട്.അതിനുപിന്നിലായി ഒരു ചെറിയകുളവും.ആ ആൽമരത്തിലാണ് കുഞ്ഞിക്കുരുവിയും മക്കളും താമസിക്കുന്നത്.മക്കള്ഡക്ക് ഭക്ഷണം തേടി കുഞ്ഞിക്കുരുവി എന്നും കാട്ടിൽഅലഞ്ഞുതിരിഞ്ഞ് എവിടെ നിന്നെങ്കിലും കിട്ടിയാൽ അതും കൊത്തിപ്പറന്ന് മക്കൾക്ക് കൊടുക്കും.അടുത്ത പ്ലാവിലാണ് കപീഷ് എന്ന കുരങ്ങിന്റെ താമസം.കപീഷ് നല്ലവനാണ് .ഒരു ദിവസം സുൽത്താൻ മരംവെട്ടി വിറകുകളാക്കി പോകാൻനേരത്ത് അടുത്തുള്ള മരത്തിൽ നിന്ന് ഒരി പെരുപ്പാമ്പ് കുഞ്ഞിക്കുരുവിയുടെ കുട്ടിനുനേരെ വരുന്നത് കണ്ടത്.നല്ലവനായ സുൽത്താൻ അതു നോക്കിനിന്നില്ല.പെരുപ്പാമ്പിനെ വകവരുത്തി പക്ഷികുഞ്ഞുങ്ങളെ രക്ഷിച്ചു.അടുത്തുള്ള മരത്തിൽനിന്ന് കപീഷ് ഇതെല്ലാം കാണുന്നുണ്ടായിരുന്നു.അങ്ങനെ കപീഷ് കുഞ്ഞിക്കുരുവിയോട് ഈ കാര്യങ്ങളെല്ലാം പറഞ്ഞു. അതേ സമയത്ത് സുൽത്താൻ ഒരു പൂന്തോട്ടത്തിന്റെ അരികിൽ കൂടി പോവുകയായിരുന്നു.പെട്ടെന്ന് ഒരു ശബ്ദം കേട്ടു.നോക്കുമ്പോൾ ഒരു മുത്തശ്ശി വീണു കിടക്കുന്നു.അയ്യോ എന്നെ രക്ഷിക്കാൻ വരണേ എന്നുപറയുകയും ചെയ്യുന്നുമുണ്ട്.സുൽത്താൻ വിറക് താഴെവച്ച് മുത്തശ്ശിയെ രക്ഷിച്ചു.അങ്ങനെ ചന്തയിൽ പോയി വിറകുവിറ്റു.നടന്നു നടന്നു കാട്ടിൽ തിരിച്ചെത്തി.കുറച്ചുവിശ്രമിക്കാനായി മരത്തണലിൽ ഇരുന്നു. പെട്ടെന്ന് ഒരു സുന്ദരിയായ ദേവക പ്രത്യക്ഷപ്പെട്ടു. സുൽത്താൻ പേടിച്ചു നിൽക്കുമ്പോൾ ദേവത പറഞ്ഞു"നീ നേരത്തെ ഒരു മുത്തശ്ശിയെ രക്ഷിച്ചില്ലേ,ആ മുത്തശ്ശിയാണ് ഞാൻ,നിന്റെ ദയ എന്നെ സന്തോഷവതിയാക്കി, അതുകൊണ്ട് നിനക്ക് ഒരു മാന്ത്രികകുടം തരാം.നിനക്ക് എന്ത് ആവശ്യമുണ്ടെങ്കിലും ആരും കാണാതെ ഈ മന്ത്രം ചെല്ലി കുടം തുറന്നാൽ മതി.അപ്പോൾ ഇതിൽ നിന്ന് ഒരു ഭൂതം പ്രത്യക്ഷപ്പെടും,എന്ത് വേണമെങ്കിലും ഭൂതത്തോട് ചോദിച്ചാൽ തരുകയും ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യും. ഈ കുടം ആരും കാണാത്ത ഒരു സ്ഥലത്തേ വയ്ക്കാവൂ"അതും പറഞ്ഞ്

**ദേവത അപ്രത്യക്ഷമായി. അങ്ങനെ ഒരോ ആവശ്യങ്ങൾക്കും സുൽത്താൻ അതു തുറക്കും.അങ്ങനെ അവൻ നല്ല ജീവിതം തുടർന്നു.**

**ആതിഖ 7th B**



# മരണം വരെ മാത്രം

ഇലകൊഴിയും പോലെ കടന്നു പോയ കാലം

കാലത്തെക്കുറിച്ചോർക്കുന്ന ദിനങ്ങൾ

ഓർമ്മകൾക്ക് വേണ്ടി അലയുന്നു ഞാൻ

ഇനി എത്ര നാളേക്ക് വേണ്ടി എന്നറിയില്ല....

എന്നും പലരും പറയവേ......

അതെല്ലാം മറികടക്കാൻ ശ്രമിക്കുന്ന എൻ ഓർമ്മകൾ.

ആ ഓർമകൾ ഒളിഞ്ഞിരിക്കുന്നത്

എൻ ഹൃദയത്തിലോ.....

അതോ എൻ മനസ്സിലോ?

എന്നെനിക്കറിയില്ല.ആകാശത്തു നിന്നും മഴത്തുള്ളികൾ പോലെ

സൗഹൃദങ്ങളും സുഹൃത്തുക്കളും

എൻ ഹൃദയത്തിലാണ്.

മഴത്തുള്ളികൾ ശക്തമായ് ഹൃദത്തിലേക്ക്

കടന്നുവന്നത് സ്വാന്തനപ്പെടുത്തികൊണ്ടാണ്.....

ആ സ്വാന്തനം ഇനി എത്രനാളേക്കുവേണ്ടി

എന്ന് ഞാൻ വിചാരിക്കവേ.......

എൻ സുഹൃത്തുക്കൾ എന്നോടുപറഞ്ഞു

മരണം വരെ മാത്രമാണെന്ന്...

ലുബിന

10 എ

# നീരുറവ

പണ്ട് കാവേരി എന്നൊരു ഗ്രാമത്തിൽ അതിശക്തമായ വരൾച്ച അനുഭവപ്പെട്ടു. ആ ഗ്രാമത്തിൽ ഭൂരിഭാഗം പേരും കർഷകരാണ്.മഴയില്ലാത്തതുകാരണം അവിടെയു ള്ള ജനങ്ങൾ കഷ്ടപ്പെടുകയാണ്.അങ്ങനെയിരിക്കെ ഒരു ദിവസം തവള കരയുന്നത് കേട്ട് ഒരു വീട്ടിലെ കുടുംബിനി അവരുടെ ഭർത്താവിനോട് പറഞ്ഞു:"ചേട്ടാ,ഇന്ന് തൊഴുത്തിൽ നിന്ന് തവള കരയുന്നുണ്ടായിരുന്നു.പിന്നെ നല്ല മഴക്കാറുമുണ്ട്.ഇന്ന് ഉറപ്പായും മഴപെയ്യും."

ഭർത്താവ് പറഞ്ഞു:"ഓ ഇത്രകാലവും തവള കരയുകയും ചെയ്തിരുന്നു,കാർമേഘവുമുണ്ടായിരുന്നു.എന്നിട്ട് വരാത്ത മഴ ഇപ്പോൾ എവിടെ നിന്ന് വരാനാ?"അയാളുടെ ഭാര്യ പിണങ്ങി വീട്ടിന്റെ അകത്തേക്ക് പോയി.പിറ്റേദിവസവും തവള കരയുന്നത് കേട്ട് ഭാര്യ വീണ്ടും ഭർത്താവിനോട് പറഞ്ഞു.ഭർത്താവ് അത് വകവച്ചില്ല.ഒരു ദിവസം അവിടെയുള്ള ജനങ്ങളെല്ലാം ഒത്തുകൂടി ഒരു കിണർ കുഴിക്കാമെന്ന്തീരുമാനിച്ചു.ഒരു സ്ഥലവും കണ്ടെത്തി.അവർ കിണറിന്റെ ജോലിയും തുടങ്ങി. അവർ ജോലചെയ്തെങ്കിലും ഫലമുണ്ടായില്ല.കുറേആഴത്തിൽകുഴിച്ചിട്ടുംജലത്തിന്റെഒരംശംപോലുംകണ്ടില്ല.കിണറിന്റെ പണി നിർത്തിവച്ചു.എന്നിട്ട് എല്ലാവരും വീട്ടിലേക്ക് മടങ്ങി.

ക്ഷീണിച്ച് വീട്ടിലെത്തിയ ഭർത്തവിനോട് ഭാര്യ വീണ്ടും ആവർത്തിച്ചു പറഞ്ഞു "തവള ഇന്നും കരയുന്നുണ്ടായിന്നു.നിങ്ങളുടെ ജോലിയുടെ ഫലം തീർച്ചയായിട്ടും കിട്ടും." ദേഷ്യം വന്ന അയാൾ ഭാര്യയെ വഴക്കു പറഞ്ഞു.സങ്കടത്തോടെ ആ സ്ത്രീ വീട്ടിന്റെ അകത്തേക്ക് പോയി.പുറത്തേക്കിറങ്ങിയ അയാൾ ഒരു മരത്തിന്റെ അടിയിൽ വിശ്രമിക്കുകയായിരുന്നു.മരത്തിന്റെ അടിയിൽ ഇരിക്കുമ്പോൾ അയാൾ ഒന്നു മയങ്ങിപ്പോയി.കുറച്ചു നേരം കഴിഞ്ഞപ്പോൾ മരത്തിന്റെ ഇടയിലൂടെ ഒരു മഴത്തുള്ളി അയാളുടെ ദേഹത്തേക്ക് വീണു.അയാൾ ചുറ്റും നോക്കി.ഒന്നും കാണുന്നില്ല.അപ്പോഴാണ് ഒരു വശത്തുനിന്ന് അതിശക്തമായ മഴ വന്നത്.അവിടത്തെ ജനങ്ങൾ സന്തോഷംകൊണ്ട് തുള്ളിച്ചാടി.പിന്നീട് ഒരിക്കലും ആ ഗ്രാമത്ത് വരൾച്ച അനുഭവപ്പെട്ടിട്ടില്ല.

